**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3272 — 10-12-2018 -ൽ മറുപടിക്ക്

**നാശനഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കാൻ അർഹതപ്പെട്ട കുടുംബങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ ഖാദർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ വീടുകൾക്കും മറ്റും സംഭവിച്ച നാശനഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കാൻ അർഹതപ്പെട്ട അനേകം കുടുംബങ്ങൾ സർക്കാർ തയ്യാറാക്കിയ അർഹരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ), ബി) & സി) | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ച് വരുന്നു. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ (ഡെപ്യൂട്ടി കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ്/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ പരാതിയുള്ളവരുടെ പരാതി പരിഗണിക്കുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | വേങ്ങര മണ്ഡലത്തിലെ പറപ്പൂർ, ഒതുക്കുങ്ങൽ തുടങ്ങിയ പഞ്ചായത്തുകളിൽ അർഹതയുണ്ടായിട്ടും നിരവധി കുടുംബങ്ങൾ ഒഴിവാക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; ഇവരെ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ. | | |
| സി) | ഇത്തരം സംഭവങ്ങൾ സംസ്ഥാനത്തെ വിവിധയിടങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിൽ വീണ്ടും ഒരു പരിശോധന കൂടി നടത്തി അർഹതപ്പെട്ടവരെ മുഴുവൻ ഉൾപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ